**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 540 20.11.2019-ൽ മറുപടിക്ക്

**തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ നിരക്ക് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചു കൊണ്ട് 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചു കൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡവലപ്പ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. നാളിതുവരെയായി കരിയർ ഡവലപ്മെന്റ് സെന്ററുകളിൽ 13,333 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ - 5190<br>കരിയർ ഗൈഡൻസ് ക്ലാസ്സുകളുടെ എണ്ണം - 174<br>പങ്കെടുത്തവരുടെ എണ്ണം - 15709<br>മത്സരപരീക്ഷ പരിശീലനങ്ങളുടെ എണ്ണം - 28<br>പങ്കെടുത്ത ഉദ്യോഗാർഥികളുടെ എണ്ണം - 1636<br>നടത്തിയ സൈക്കോമെട്രിക് ടെസ്റ്റുകളുടെ എണ്ണം -525<br>തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നപദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളടങ്ങിയ പ്രസ്തുത പദ്ധതി 2016-ൽ ആരംഭിച്ചു. |
| (സി) | അതിന്റെ ഭാഗമായി വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ടി പദ്ധതിക്ക് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച്, |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ച് കരിയർ ടോക്ക്, കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, മത്സര പരീക്ഷാ പരിശീലന പരിപാടികൾ, മൃദു നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ കരിയർ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി വർഷംതോറും മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഉദ്യോഗാർത്ഥികളുടെ നൈപുണ്യ/കരിയർ വികസനം ലക്ഷ്യമിട്ട് കൊണ്ട് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തി ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി വർഷംതോറും മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ മുഖേന നിശ്ചിത ഇടവേളകളിൽ ജോബ് ഡ്രൈവുകൾ/പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്കായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് അതിജീവനം എന്ന പേരിൽ ഒരു തൊഴിൽ മേളയും സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**